സമഗ്ര ശിക്ഷ, കേരളം

**9001**

**A**

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2018–'19

# ആരോഗ്യ കായികവിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം

**ക്ലാസ് - IX**

**സമയം : 2 മണിക്കൂർ**

**ആകെ സ്കോർ : 45**

---

**പൊതു നിർദ്ദേശങ്ങൾ**

- ആരോഗ്യ കായികവിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം എന്നീ വിഷയങ്ങളെ മൂന്ന് വിഭാഗങ്ങളായിട്ടാണ് ചോദ്യപേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്.
- ഓരോ വിഭാഗത്തിനും 15 സ്കോർ വീതം. എഴുത്തുപരീക്ഷക്കുള്ള 2 മണിക്കൂറിൽ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- മൂന്ന് വിഭാഗത്തിന്റെയും ഉത്തരങ്ങൾ പ്രത്യേകം പേപ്പറിൽ എഴുതി നൽകേണ്ടതാണ്. അവയിലെല്ലാം വിഷയം, പേര്, ക്ലാസ്സ്, റോൾനമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം.

---

## ആരോഗ്യ കായികവിദ്യാഭ്യാസം

**സമയം : 40 മിനിറ്റ്**

**ആകെ സ്കോർ : 15**

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങളുടെ ശരിയുത്തരത്തിന് ഒരു സ്കോർ വീതം. ആകെ 4 സ്കോർ.** **(4 × 1 = 4)**

1. അന്താരാഷ്ട്ര യോഗാദിനമായി ആചരിക്കുന്നതെന്ന്?
   (ജൂലൈ 21, ജൂൺ 21, ജനുവരി 26, ജൂൺ 5)
2. സമ്മർദ്ദം (സ്ട്രെസ്) ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗങ്ങളിൽ ഉൾപ്പെടാത്തതേത്?
   (യോഗ, എയ്റോബിക്സ്, നീന്തൽ, ഉറക്കമില്ലായ്മ)
3. ഹൃദയശ്വസനക്ഷമത വർധിപ്പിക്കുവാൻ ഉപകരിക്കുന്ന ഏറ്റവും നല്ല വ്യായാമമുറയാണ്?
   (നീന്തൽ, ചെസ്, കാരംസ്, റൈഫിൾ ഷൂട്ടിംഗ്)
4. ചുവടെ കൊടുത്തിരിക്കുന്നവയിൽ ശരീരം വില്ലിന്റെ ആകൃതിയിൽ ക്രമീകരിക്കുന്ന യോഗാസനമേത്?
   (പാദഹസ്താസനം, പവനമുക്താസനം, സർവാംഗാസനം, ധനുരാസനം)

**5 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് 2 സ്കോർ വീതം. ആകെ 8 സ്കോർ.** **(4 × 2 = 8)**

5. സ്ഥിരമായി സൈക്ലിങ് പരിശീലിക്കുന്നതിലൂടെ ലഭിക്കുന്ന ഗുണങ്ങൾ എന്തെല്ലാം?

6. സമ്മർദ്ദം (സ്ട്രെസ്) ലഘൂകരിക്കുന്നതിനുള്ള ഏതെങ്കിലും രണ്ട് മാർഗ്ഗങ്ങൾ എഴുതുക.

7. യോഗ പരിശീലനത്തിന് മുൻപ് ശ്രദ്ധിക്കേണ്ട ഏതെങ്കിലും 4 കാര്യങ്ങൾ എഴുതുക.

8. അയവ് വർദ്ധിക്കുന്നതിലൂടെ ശരീരത്തിന് ലഭ്യമാകുന്ന ഗുണങ്ങൾ എന്തെല്ലാം?

9. പുകവലി കൊണ്ട് ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ എന്തൊക്കെയാണ്?

**10,11 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് 3 സ്കോർ.** **(1 × 3 = 3)**

10. കമ്പ്യൂട്ടർ, മൊബൈൽഫോൺ എന്നിവ കൈകാര്യം ചെയ്യുമ്പോൾ ഉണ്ടാകാവുന്ന ആരോഗ്യപ്രശ്നങ്ങൾ എന്തൊക്കെയാണ്? ഇത് പരിഹരിക്കാൻ എന്തൊക്കെ ശ്രദ്ധിക്കണം?

11. നീന്തൽ പരിശീലിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും നീന്തലിന്റെ പ്രയോജനങ്ങളും വിശദമാക്കുക.

---

## കലാവിദ്യാഭ്യാസം

**സമയം : 40 മിനിറ്റ്**
**ആകെ സ്കോർ : 15**

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങൾക്ക് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക. ഒരു സ്കോർ വീതം.** **(4 × 1 = 4)**

1. ഒരാളുടെ മുഖത്തിന് പ്രാധാന്യം നൽകിയിരിക്കുന്ന ചിത്രരചനാ രീതി ഏത് പേരിൽ അറിയപ്പെടുന്നു?
   a. ലാൻഡ് സ്കേപ്പ് b. പോർട്രെയ്റ്റ്
   c. സ്റ്റിൽലൈഫ് d സീ സ്കേപ്പ്

2. കർണ്ണാടകസംഗീതത്തിൽ ഉൾപ്പെട്ട ഒരു ഗാനരൂപമാണ്
   a. ദേശഭക്തിഗാനം b. മാപ്പിളപ്പാട്ട്
   c. നാടൻപാട്ട് d. സ്വരജതി

3. പ്രൊഫഷണൽ നാടകങ്ങൾക്ക് രംഗപടമൊരുക്കുന്നതിലൂടെ പ്രശസ്തിയാർജ്ജിച്ച കേരളീയനായ കലാകാരൻ?
   a. സി.എൻ. കരുണാകരൻ b. പി.ജെ. ആന്റണി
   c. ആർട്ടിസ്റ്റ് സുജാതൻ d. കെ.ടി. മുഹമ്മദ്

4. ശാസ്ത്രീയ നൃത്തച്ചുവടുകൾക്കൊപ്പം, ലളിതമായ നൃത്തച്ചുവടുകൾക്കും പ്രാധാന്യമുള്ള നൃത്തരീതിയാണ് .......
   a. നാടോടി നൃത്തം b. അർദ്ധശാസ്ത്രീയ നൃത്തരീതി
   c. ശാസ്ത്രീയ നൃത്തരീതി d. നാട്യധർമ്മി

**(5 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ട് ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക. ഓരോന്നിനും 3 സ്കോർ വീതം.)** **(2 × 3 = 6)**

5. ചുവടെ കൊടുത്തിരിക്കുന്നവയിൽ നിന്ന് ഇന്ത്യയിലെ മൂന്ന് പ്രാചീന ശില്പകേന്ദ്രങ്ങളെ തെരഞ്ഞെടുത്തെഴുതുക.
   (a. എല്ലോറ b. ലാസാക്സ് c. മഹാബലിപുരം d. അൾട്ടാമിറ e. ഹംപി f. അക്രോപോളിസ്)

6. വരികൾക്ക് ഈണം നൽകുമ്പോൾ ശ്രദ്ധിക്കേണ്ട അടിസ്ഥാന ഘടകങ്ങൾ എന്തെല്ലാമാണ്?

7. തോപ്പിൽ ഭാസിയുടെ മൂന്ന് ശ്രദ്ധേയമായ നാടകങ്ങളുടെ പേര് എഴുതുക.

8. അർദ്ധശാസ്ത്രീയ നൃത്തരീതിയിൽ ഉപയോഗിക്കാവുന്ന ഏതെങ്കിലും മൂന്ന് സിനിമാഗാനങ്ങൾ എഴുതുക.(ആദ്യവരി മാത്രം)

**9 മുതൽ 12വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരു ചോദ്യത്തിനു മാത്രം ഉത്തരം എഴുതുക. 5 സ്കോർ.** **(1 × 5 = 5)**

9. താഴെ കൊടുത്തിരിക്കുന്നവയിൽ നിന്ന് ശരിയായ അഞ്ച് പ്രസ്താവനകൾ തെരഞ്ഞെടുത്തെഴുതുക.

a.അജന്ത ഗുഹകൾ ഔറംഗാബാദിലാണ് സ്ഥിതിചെയ്യുന്നത്.

b.പല്ലവ കാലഘട്ടത്തിലാണ് അജന്താ ശില്പങ്ങൾ രചിക്കപ്പെട്ടത്.

c.ഗാന്ധാരകലയുടെ ഉത്തമമാതൃകകളാണ് അജന്താ ചിത്രങ്ങൾ.

d.ക്രിസ്തുവിന് മുൻപ് രണ്ടാം നൂറ്റാണ്ടിലാണ് അജന്താ ചിത്രങ്ങൾ രചിക്കപ്പെട്ടത്.

e.യുനസ്കോയുടെ ലോകപൈതൃക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ചരിത്രസ്മാരകങ്ങളാണ് അജന്ത ചിത്രങ്ങൾ.

f.അജന്ത ഗുജറാത്ത് സംസ്ഥാനത്തിലാണ് ഉള്ളത്.

g.പത്മപാണി അജന്താ ചിത്രങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്.

h.പ്രകൃതി ചായങ്ങളാണ് അജന്തയിൽ ചിത്രരചനയ്ക്കായി ഉപയോഗിച്ചത്.

10. കീർത്തനങ്ങൾ, വർണ്ണങ്ങൾ, ഇവ തമ്മിലുള്ള വ്യത്യാസം വിശദമാക്കുക.

11. മറ്റു നാടകങ്ങളിൽ നിന്നും വിഭിന്നമായി തെരുവുനാടകങ്ങളിൽ നിങ്ങൾ കണ്ടെത്തിയ 5 പ്രത്യേകതകൾ വിവരിക്കുക.

12. നൃത്താവിഷ്ക്കാരത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

---

## പ്രവൃത്തിപഠനം

**സമയം : 40 മിനിറ്റ്**
**ആകെ സ്കോർ : 15**

**ശരിയായ ഉത്തരം ബ്രായ്ക്കറ്റിൽ നിന്നും തെരഞ്ഞെടുത്ത് എഴുതുക. ഒരു സ്കോർ വീതം** **(1 × 3= 3)**

1. ചിത്രത്തിൽ കാണുന്ന സ്റ്റഫ്ഡ് ടോയി നിർമ്മിച്ചിരിക്കുന്നത് ഏതുതരം തുണി ഉപയോഗിച്ചാണ്?

(a.സിൽക്ക്, b.മിൽട്ടൺ ക്ലോത്ത്, c.ഫർക്ലോത്ത്, d.കോട്ടൺ)




2. വൈദ്യുതോർജത്തെ ശബ്ദോർജമാക്കി മാറ്റുന്ന ഒരു ഉപകരണം?
(മൈക്രോഫോൺ, ലൗഡ് സ്പീക്കർ, ആംപ്ലിഫയർ, അയൺബോക്സ്)

3. താഴെ തന്നിരിക്കുന്നവയിൽ ഏതു പേപ്പർ ഉപയോഗിച്ചാണ് ചിരട്ടയുടെ പ്രതലം മിനുസപ്പെടുത്തുന്നത്.
(ക്രേപ്പ് പേപ്പർ, ന്യൂസ് പേപ്പർ, ടിഷ്യൂ പേപ്പർ, സാന്റ്പേപ്പർ)


**4 മുതൽ 8 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന്റെ ഉത്തരം എഴുതുക. ഓരോന്നിനും രണ്ട് സ്കോർ വീതം** **(4 × 2 = 8)**


4. തുണികളുടെ അരികുകൾ തയ്ച്ച് അലങ്കരിക്കുന്ന അലങ്കാര തയ്യലിലെ രണ്ടു രീതികളുടെ പേരെഴുതുക.

5. ചിത്രത്തിൽ കാണുന്ന വിവിധ വൈദ്യുത ഉപകരണങ്ങളുടെയും പണിയായുധങ്ങളുടെയും പേരെഴുതുക.





6. തന്നിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിച്ച് ഏതു പ്രവർത്തനവുമായി ബന്ധപ്പെട്ടതാണ് എന്ന് എഴുതുക. ഈ പ്രവർത്തനം ചെയ്യുന്നതിനാവശ്യമായ സാധനസാമഗ്രികൾ എന്തെല്ലാമെന്ന് എഴുതുക.






7. ഈറ, മുള എന്നിവകൊണ്ട് നിർമ്മിക്കുന്ന ഏതെങ്കിലും നാല് ഗൃഹോപകരണങ്ങളുടെ പേരെഴുതുക.

8. ചിത്രം A , B നിരീക്ഷിച്ച് ഇവ ഏതെല്ലാം എന്നു തിരിച്ചറിഞ്ഞ് പേരെഴുതുക. നെറ്റുകളുടെ കണ്ണികൾ തമ്മിലുള്ള അകലം എത്ര സെന്റിമീറ്റർ വീതമാണ് എന്നു കുറിക്കുക.

A 

 B

**9, 10 ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരം എഴുതുക. ശരിയുത്തരത്തിന് നാല് സ്കോർ.** **(1 × 4 = 4)**

9. കിണർ ശുദ്ധീകരിക്കുന്നതിന്റെ ഭാഗമായി സൂപ്പർ ക്ലോറിനേഷൻ ചെയ്യുന്ന രീതി വിവരിക്കുക.

10. റൈറ്റിംഗ് ബോർഡ് നിർമ്മാണത്തിന്റെ വർക്ക് ഡയറി എഴുതുക.